പ്രസ്ഥാനത്തിൽ താല്പര്യമെടുത്തപ്പോഴും, ഏടുത്തുചാട്ടങ്ങൾക്കൊന്നും അവർ തയ്യാറായില്ല. മറക്കുട കളഞ്ഞ് ആദ്യമായി പൊതുസ്ഥലത്തു പ്രത്യക്ഷപ്പെട്ട അന്തർജനം ലളിതാംബികയായിരുന്നില്ല. ആദ്യമായി ഒരു പൊതുയോഗത്തിൽ പ്രസംഗിച്ച അന്തർജനമെന്ന ബഹുമതിയും അവരുടേതല്ല. ഉദ്ബുദ്ധമായ രാഷ്ട്രീയവീക്ഷണം ഉൾക്കൊണ്ടിരുന്നിട്ടും, അവർ ഒരു സമരത്തിന്റെയും മുന്നിൽ നിന്നില്ല. അതേസമയം, എല്ലാ പുരോഗമനാശയങ്ങൾക്കും അവർ പിന്തുണ നൽകി; എല്ലാ കർമ്മരംഗങ്ങളിലും പ്രവർത്തകരെ അഭിനന്ദിച്ചു. വ്യത്യസ്ത രാഷ്ട്രീയ—സാമൂഹ്യ—സാംസ്കാരികപ്രസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്ന എത്രയോ ചെറുപ്പക്കാർ അവരെ അമ്മയെന്നു വിളിച്ച് ആദരിച്ചു. അവർക്കൊക്കെ പകർന്നു നൽകാൻ, ഒടുങ്ങാത്ത മാതൃസ്നേഹത്തിന്റെ വറ്റാത്ത ഉറവ ലളിതാംബിക അന്തർജനത്തിന്റെ ഹൃദയത്തിൽ എന്നുമുണ്ടായിരുന്നു.

ഒരു ജ്യേഷ്ഠസഹോദരി അനുജനു നൽകുന്ന സ്നേഹം അന്തർജനത്തിൽ നിന്ന് എനിക്ക് എന്നും ലഭിച്ചുവന്നിട്ടുണ്ട്. അമനകരഇല്ലത്തു ചെന്ന്, അവരുടെ സമൃദ്ധമായ ആതിഥ്യം ഞാൻ അനുഭവിച്ചിട്ടുണ്ട്. പലകുറി എന്റെ വീട്ടിൽ അന്തർജനം അതിഥിയായി വന്നിട്ടുമുണ്ട്. അവരോടൊപ്പം കഴിച്ചുകൂട്ടിയിട്ടുള്ള നിമിഷങ്ങൾ എന്റെ ഓർമയിൽ പച്ചപിടിച്ചു നില്ക്കുന്നു. അന്തർജനത്തിന്റെ രചനാസാകല്യത്തേക്കാൾ എത്രയോ വലുതാണ് അവരുടെ വ്യക്തിത്വമെന്ന് ഞാനെപ്പോഴും കരുതിയിരുന്നു.

ആ ധന്യജീവിതത്തിനു മുമ്പിൽ എന്റെ വിനീത പ്രണാമം!

(9 ഫെബ്രുവരി, 1987)

# 60. എൻ. എൻ. കക്കാട്

'മധുരം സൗമ്യം ദീപ്തം' എന്നതാണു കവിതയെ പററി ഇപ്പോഴും മലയാളികളുടെ സാധാരണ ധാരണ. 'കടുത്രുക്ഷം ധൂമിലം.' അങ്ങനെയും കവിത ഉണ്ടാവാമെന്നും, അപ്പോഴും കവിതയ്ക്കു കവിതയായിത്തന്നെ നിലനില്ക്കാൻ കഴിയുമെന്നും നമുക്കു ബോദ്ധ്യപ്പെടുത്തിത്തന്ന കവിയാണ് 1987 ജനുവരി 6—ാം തീയതി കോഴിക്കോട്ടുവെച്ച് അന്തരിച്ച കക്കാട് നാരായണൻനമ്പൂതിരി.

വളരെക്കുറച്ചേ കക്കാട് എഴുതിയിട്ടുള്ളു. ആറ് കവിതാസമാഹാരങ്ങളും ഒരു ഖണ്ഡകാവ്യവും നിരൂപണലേഖനങ്ങളുടെ ഒരു സമാഹാരവുമാണ് അദ്ദേഹത്തിൽനിന്നു മലയാള സാഹിത്യത്തിനു കിട്ടിയിട്ടുള്ളത്. എണ്ണത്തിൽ കുറഞ്ഞ കക്കാടിന്റെ കൃതികൾ വായിച്ചു ശരിക്കു മനസ്സിലാക്കിയവരും കുറവായിരിക്കും. 'സഫലമീ യാത്ര' എന്ന കവിതാസമാഹാരത്തിന് 1985—ൽ ഒന്നിനു പുറകെ ഒന്നായി ലഭിച്ച പുരസ്കാരങ്ങൾ, അന്ത്യനാളുകളിൽ കവിക്കു വളരെയധികം പ്രശസ്തി നേടിക്കൊടുക്കുകയുണ്ടായെന്നതു ശരിതന്നെ. എങ്കിലും, മലയാളത്തിൽ ഇന്നു ജീവിച്ചിരിക്കുന്ന മററു പല കവികളുടെ കൃതികളേക്കാളും കുറഞ്ഞ പ്രചാരമേ കക്കാടിന്റെ കൃതികൾക്കു ലഭിച്ചിട്ടുള്ളു. ശബ്ദസംഗീതത്താൽ ശ്രോതാക്കളെ വ്യാമുഗ്ദ്ധരാക്കാനോ, കൗമാരഭാവനകളെ ഉദ്ദീപിപ്പിക്കുന്ന വൈകാരികവിഷയങ്ങളുടെ വിവരണംകൊണ്ടു ലഘുഹൃദയരും ലഘുപ്രയത്നരുമായ ഭൂരിപക്ഷം വായനക്കാരുടെ തൽക്ഷണ പ്രീതി ആർജിക്കാനോ ഈ കവി ഒരിക്കലും ശ്രമിക്കുകയുണ്ടായില്ല. അനുവാചകരുടെ വികാരങ്ങളെക്കാളേറെ വിചാരങ്ങളെ, അവരുടെ സൗന്ദര്യബോധത്തെക്കാളേറെ ധർമ്മ

ബോധത്തെ, തൊട്ടുണർത്താനായിരുന്ന ഉറച്ച ഒരു രാഷ്ട്രീയ—സാമൂഹ്യ വീക്ഷണമുണ്ടായിരുന്ന അദ്ദേഹത്തിന താല്പര്യം.

ദുർഗ്രഹങ്ങളാണ്, പൊതുവേ കക്കാടിൻെറ കൃതികൾ. മററു കവികൾ പദങ്ങളുടെ വാച്യ—വ്യംഗ്യാർത്ഥങ്ങൾകൊണ്ടു കവിത രചിക്കുമ്പോൾ, കക്കാടിൻെറ കവിതയുടെ ഉപാദാനങ്ങൾ പലപ്പോഴും പ്രതീകങ്ങളാണ്, ഇതിഹാസകഥാഖ്യാനങ്ങളാണ്, പ്രഹേളികകളാണ്. ഈ പ്രതീകങ്ങളും ഇതിഹാസകഥാഖ്യാനങ്ങളും പ്രഹേളികകളും എങ്ങനെ പരസ്പരം ബന്ധപ്പെടുന്നുവെന്നോ, അവ കവിയുടെ ഏതേതു് അനുഭൂതി മേഖലകളെ അനാവരണംചെയ്യുന്നുവെന്നോ പിടികിട്ടാതെ അനുവാചകൻ പലപ്പോഴും അമ്പരന്നുപോകുന്നു. ഓടിച്ചു വായിച്ചു തള്ളിക്കളയാവുന്നവയല്ല കക്കാടിൻെറ മിക്ക കവിതകളും. വായിച്ചു, വളരെ നേരം ഉഷ്ണിച്ചു ചിന്തിച്ചാലേ അവയുടെ പൊരുൾ, അസ്പഷ്ടമായെങ്കിലും, വായനക്കാരൻെറ മനസ്സിൽ തെളിഞ്ഞുവരികയുള്ളു.

നമ്മളിൽപ്പലരും കവിതയെഴുതുന്നതു ബാഹ്യസമ്മർദങ്ങൾക്കു വിധേയരായിട്ടാണ്. ജീവിതത്തിൻെറ ഒരു ആന്തരാവശ്യം—ആന്തര നിർബന്ധം—ആയിരുന്നു കക്കാടിനു കവിത. 'ഒരു കവിത ഉരുണ്ടുകൂടുകയോ, പുറത്തേക്കു സംസാരിക്കുകയോചെയ്യാത്തപ്പോൾ ഞാൻ നിലനില്ക്കുന്നില്ല. അതുകൊണ്ടു കവിത എഴുതുന്നതു് എനിക്കു പ്രധാനമാണ്; അതിൽ, അതിനുവേണ്ടി മാത്രം, ഞാൻ ജീവിക്കുന്നു' എന്നു് അദ്ദേഹം തുറന്നുപറഞ്ഞിട്ടുണ്ടു്.

കക്കാടിൻെറ കവിതയുടെ രസം എന്തുകൊണ്ടു കടുവും സ്വരം എന്തുകൊണ്ടു രൂക്ഷവും, ആവിഷ്കാരം എന്തുകൊണ്ടു ധൂമിലവുമായി? അതറിയാൻ നാം കക്കാടിൻെറ ജീവിതത്തെപ്പററി മനസ്സിലാക്കേണ്ടിയിരിക്കുന്നു. ഇവിടെ കക്കാടിനെ ഉദ്ധരിക്കുകയേ ഞാൻ ചെയ്യേണ്ടതുള്ളു:

'ദാരിദ്ര്യത്തിലേക്കു് അടർന്നുവീണുകൊണ്ടിരുന്ന ഒരു പഴയ പുരോഹിത—ജന്മികുടുംബത്തിലാണു ഞാൻ ജനിച്ചതു്. പട്ടിണി മിക്കപ്പോഴും വിരുന്നുവന്നു. രോഗിയും ദുർബലനുമായിട്ടാണു ബാല്യകൗമാരങ്ങൾ കഴിച്ചതു്. സമപ്രായക്കാരൊക്കെ ശരീരംകൊണ്ടും വിദ്യകൊണ്ടും കഴിവുകൊണ്ടും വളരെ വലിയവർ. ചങ്ങാതിമാർ വളരെക്കുറവു്. മിക്കവാറും ഏകാകി. മനോരാജ്യമായിരുന്നു പ്രധാന തൊഴിൽ. ചിതൽതിന്നു വികൃതമായ പൂമുഖപ്പടിയിൽ മലർന്നുകിടന്നു് ആകാശം കാണും. നീലനിറത്തിനെതിരെ, രൂപം മാറിക്കൊണ്ടിരിക്കുന്ന വെൺമേഘങ്ങൾ. അമ്മയും മുത്തശ്ശിയും പറഞ്ഞുകേട്ട പുരാണകഥകൾ മേഘങ്ങളിലേക്കു സംക്രമിക്കും. അവ തേരും ആനയും, കംസനും ദേവകിയും, വസുദേവനും കൃഷ്ണനും തൃണാവർത്തനും, അതും ഇതും, ഒക്കെയാവും.

'ഇതിനിടയിൽ അല്പം സംസ്കൃതം; കൂടെ അല്പം ജ്യോതിഷവും. തന്ത്രവൃത്തി ഞങ്ങളുടെ കുലത്തൊഴിലും ജീവിതമാർഗവുമായിരുന്നു. അതുകൊണ്ടു തന്ത്രക്രിയകളും തന്ത്രദർശനവും അച്ഛനിൽനിന്നു പഠിച്ചു. എന്നാൽ, എൻെറ കൗമാരഭാവനയെ കമ്പം പിടിപ്പിച്ചിരുന്നതു ക്ഷേത്രകലകളും നാടൻ പാട്ടുകളുമായിരുന്നു. അക്കാലത്താണു വാദ്യകല, പ്രധാനമായും തായമ്പക, ഗുരുമുഖത്തുനിന്നുതന്നെ അഭ്യസിക്കാൻ കഴിഞ്ഞതു്.

'എങ്ങനെയോ, എവിടെവെച്ചോ, വായന തുടങ്ങിവശായി; അതൊരു ശീലവുമായി. ചെറുശ്ശേരിയും എഴുത്തച്ഛനും നമ്പ്യാരും ചമ്പുകാരന്മാരും തമ്പുരാക്കന്മാരും വെണ്മണിമാരും നടുവും ഒടുവും ഒക്കെപ്പാടെ മനസ്സിൽ കയറിക്കൂടി ബഹളംവെച്ചു. കുഞ്ഞിക്കുട്ടൻതമ്പുരാനാണ് ഈ തിരക്കിൽ മഹാഭാരതത്തിലേക്കു തള്ളിവീഴ്ത്തിയതു്. അതൊരു സൗഹൃദവും ലഹരിയുമായിരുന്നു. ഇക്കാലത്തു ധാരാളം ശ്ലോകങ്ങളെഴുതി. ഇപ്പോൾ എനിക്കു് ഏകാന്തതയില്ല. കൂട്ടിനു മഹാഭാരതമുണ്ടു്; നീലാകാ

ശത്തു വെൺമേഘങ്ങളുണ്ട്; എൻെറ ശ്ലോകങ്ങളുടെ സ്വകാര്യസമ്പാദ്യമുണ്ട്; തൊട്ട്, ഉന്നതനായ തുരുത്തമലയും കൊട്ടങ്കാടുമുണ്ട്.

'വളരെ വൈകിയാണു സ്വാതന്ത്ര്യസമരം എന്താണെന്ന മനസ്സിലാക്കാൻ തുടങ്ങിയതു്. പത്രപാരായണമെന്ന ഒന്നു് എൻെറ ചുററുവട്ടത്തുണ്ടായിരുന്നില്ല. ഗാന്ധിജിയേയും കോൺഗ്രസ്സിനേയും ഇംഗ്ലീഷുകാരെയും കേളപ്പനേയും കെ. പി. ആറിനേയും, പിന്നേയും പല കാര്യങ്ങളെയും പററി മുതിർന്നവർ സംസാരിക്കുന്നതു കേട്ടിട്ടുണ്ടു്. ഒന്നും മനസ്സിലാവാറില്ല. എൻെറ ചാർച്ചക്കാരിൽ പലരും ഹിന്ദി പഠിക്കുന്നു; തക്ലിയിൽ നൂൽ നൂല്ക്കുന്നു: വെള്ളത്തൊപ്പിവെച്ച എട്ടും പത്തും ആളുകൾ കൂടി വയൽവരമ്പിലൂടെ കൊടിയും പിടിച്ചു് 'ഭാരത് മാതാ കീ ജയ്' എന്നും മററും വിളിച്ചുകൊണ്ടു ഘോഷയാത്രകളായി ചിലപ്പോഴൊക്കെ കടന്നുപോകുന്നു.

'അതിനിടയ്ക്കു് ഇ. എസ്. എൽ. സി. (എലിമെൻററി സ്കൂൾ ലിവിങ് സർട്ടിഫിക്കററ്) പാസ്സായി വെറുതെ കത്തിയിരുപ്പായി. പുളിമുട്ടി (ചെണ്ടകൊട്ട്) സാധകവും മഹാഭാരതവും ശ്ലോകങ്ങളും തുരുത്തമലയും അമ്പലത്തിൽ ശാന്തിയും മുറുക്കിത്തുപ്പും ശരണം. പെട്ടെന്നു ഭൂകമ്പം. നടുവണ്ണൂർ രജിസ്ട്രാപ്പീസ് (ആഗസ്റ്റ് സമരക്കാലത്തു്) കോൺഗ്രസ്സുകാർ കത്തിച്ചുകളഞ്ഞു! പിററത്തെക്കൊല്ലം, 1943—ൽ കോഴിക്കോട് സാമൂതിരി ഹൈസ്കൂളിൽ മൂന്നാം ഫാറത്തിൽ ചേർന്നതിനുശേഷമാണു് ഇതിൻെറ ഊടും പാവും തിരിയാൻ തുടങ്ങിയതു്. അറിയാൻ തുടങ്ങിയപ്പോഴാകട്ടെ, അതിൽ ചെന്നുവീണു. വിദ്യാർത്ഥി—കോൺഗ്രസ്സും ഗ്രാമീണ പുനരുദ്ധാരണ പരിപാടിയും നൂൽ നൂൽപും ഖദറുടുപ്പും കൈയെഴുത്തു മാസികയും വായനയും മററുമായി കൂടിപ്പിണഞ്ഞുപോയ ദിനങ്ങൾ. പതിനാറു വയസ്സായ നാടൻ ചെക്കൻ അന്നാണു ലോകം കാണാൻ തുടങ്ങിയതു്.

'രണ്ടു കൊല്ലം അങ്ങനെ കഴിഞ്ഞു. തൃശ്ശൂർ വിവേകോദയം ഹൈസ്കൂളിൽ അഞ്ചാം ഫാറത്തിൽ ചെന്നു ചേർന്നതോടെയാണു് അച്ചടക്കത്തോടെയും ഗൗരവബുദ്ധിയോടെയും വായിക്കാനും പഠിക്കാനും സാഹിത്യത്തെക്കുറിച്ചു് അടുത്തറിയാനും തുടങ്ങിയതു്. അപ്പോഴും വിദ്യാർത്ഥി കോൺഗ്രസ്സും കൊച്ചി രാജ്യപ്രജാമണ്ഡലവും ചേർന്ന വൃത്തത്തിലേക്കു കരുതിത്തന്നെ ഇറങ്ങിച്ചെന്നു.

'സ്വാതന്ത്ര്യലാഭം വലിയ ഒരാമോദമായിരുന്നു; ഗാന്ധിജിയുടെ വധം അത്രയും തന്നെ തളർത്തിയ ആഘാതവും. പുത്തനധികാരത്തിൻെറ സിംഹാസനലഹരി നമ്മുടെ സ്വതന്ത്രഭാരതഭരണ സംവിധാനത്തെ എത്ര ഉദാസീനവും നിരർത്ഥകവുമാക്കിത്തീർത്തു എന്ന അമ്പരപ്പിലേക്കാണു്, പല ചെറുപ്പക്കാരോടൊപ്പം, ഞാൻ ഉണർന്നതു്....തൊള്ളായിരത്തിനാല്പത്തെട്ടിൽ വടക്കേ മലബാറിൽ പൊട്ടിയ ആദ്യത്തെ വെടിയോടെ, ബാക്കിനിന്ന ഇത്തിരി വെളിച്ചവും കെട്ടു. എതിർക്കാൻ വേണ്ടി ഇതുവരെ ശ്രദ്ധാപൂർവ്വം പഠിച്ച മാർക്സിയൻ ദർശനം ഈ നിറഞ്ഞ ഇരുട്ടിൽ പ്രയോജനപ്പെട്ടു....

'പഴയ സാമ്പത്തികബന്ധത്തിൽ അടിയുറച്ച ഗ്രാമീണവ്യവസ്ഥ മാറാൻ തുടങ്ങുകയും, പുതിയ ഒരു വാണിജ്യസംസ്കാരം നഗരത്തിൽനിന്നു് ഇഴഞ്ഞുവന്നു് ഗ്രാമത്തെ ഗ്രസിക്കുകയുംചെയ്യുന്നതായി 1953—ൽ, കോഴിക്കോട്ടു് ഒരു ട്യൂട്ടോറിയൽ കോളേജിൽ ജോലിയുമായി വന്ന കാലംതൊട്ടു്, ഞാനനുഭവിച്ചുവന്നു. ഈ അനുഭവത്തിൽനിന്നു്, ഭാവഗ്രന്ഥിയിൽനിന്നു്, ആണു് ധ്വസ്തരൂപമായ ('പാതാളത്തിൻെറ മുഴക്കം' എന്ന) കവിത ജനിച്ചതു്.'

1960–ൽ ആണ് കക്കാട് 'പാതാളത്തിന്റെ മുഴക്കം' എഴുതിയത്. 'ആധുനികം' എന്ന പേരിൽ അറിയപ്പെട്ട കവിതാസരണി മലയാളത്തിൽ ഉരുത്തിരിഞ്ഞുവന്നതു് 1960–കളിലായിരുന്നു. ഈ സരണിക്കു് ഉരംക്കരുത്തും നീതീകരണവും നൽകിയ കവികളിൽ ശ്രീ മാധവൻ അയ്യപ്പത്തും കക്കാടും മുന്നിട്ടു നില്ക്കുന്നു. 'പരമ്പരാഗതമായ ധർമ്മമൂല്യങ്ങരം ഒരു വശത്തു്; സ്വാതന്ത്ര്യാല്പര ഭാരതത്തിന്റെ പുതിയ സാമൂഹ്യ മര്യാദയായിത്തീർന്ന ധനലോഭം മറുഭാഗത്തു്. രണ്ടാമത്തേതിന്റെ നിത്യവർദ്ധമാനമായ പ്രവാഹത്തിൽ അലിഞ്ഞുപോവുന്ന തുരുത്തായിത്തീർന്നു ആദ്യത്തേതു്. സ്വാതന്ത്ര്യലബ്ധിയുടെ പൂർവ്വ–ഉത്തരകാലങ്ങളിൽ അല്പം ബോധത്തോടെ ജീവിക്കാൻ ഭാഗ്യമോ, ദൗർഭാഗ്യമോ ഉണ്ടായ എനിക്കു്, മാംസച്ചീളുകരം വലിച്ചുചീന്തിയെടുക്കുന്ന വേദനയുണ്ടാക്കി ഇതു്. കലാപരവും ദാർശനികവുമായ മണ്ഡലത്തിൽനിന്നുകൊണ്ടു് ഇതിനെ സമീപിക്കുക എന്നതു് ഒഴിച്ചുകൂടാത്ത ഒരാവശ്യമായിത്തീർന്നു' എന്നു്, വ്യത്യസ്തമായ ഒരു കവിതാസരണി വെട്ടിത്തുറക്കാൻ തന്നെ നിർബന്ധിച്ച സാഹചര്യത്തെപ്പററി കക്കാടു് പ്രസ്താവിച്ചിട്ടുണ്ടു്.

തന്റെ കവിതയുടെ ആന്തരസ്വഭാവം കവി വിവരിച്ചിട്ടുള്ളതു് ഇങ്ങനെയാണു്:

'എന്താണു് (ആധുനികകവിതയിലെ) വികാരം? കരുണത്തിന്റെ സ്ഥായിയായ ശോകമാണോ? ബീഭത്സത്തിന്റെ സ്ഥായിയായ ജുഗുപ്സയാണോ? അതോ ശാന്തസ്ഥായിയായ നിർവേദമോ? ആലങ്കാരികന്മാരുടെ ഒരു ഭാവത്തോടും ഇതിനെ താദാത്മ്യപ്പെടുത്തുകയോ, താരതമ്യപ്പെടുത്തുകയോ വയ്യ. ശോകം, ജുഗുപ്സ, ശൂന്യത, ഭീതി, ഏകാകിത, നിസ്സഹായത തുടങ്ങിയ പല ഭാവങ്ങളുടെ സങ്കീർണരൂപമാണിതു്. അവിശ്വാസജന്യമായ പരിഹാസംകൊണ്ടു മൂർച്ചകൂടിയ സങ്കീർണരൂപം. സവിശേഷാർത്ഥത്തിൽ 'വിഷാദം' എന്നു വിളിക്കാവുന്ന ഈ ഭാവമാണു് ആധുനിക കവികളിൽ മിക്കവരുടെയും അന്തർഭാവം. സർവശക്തനാണു്, 'പ്രജാപതി'യാണു്, താനെന്ന ഭാവം കവിക്കില്ല. തന്റെ മനസ്സിലെ അസ്വസ്ഥതകളും പൊറുതികേടുകളും മററും മററുമായി മല്ലിട്ടു കഴിയുകയാണയാരം; പ്രത്യേകിച്ചും ആധുനികജീവിതത്തിന്റെ കാറും കോളും പിടിച്ച ജനത്തിരക്കിനിടയിൽ മാനുഷികമൂല്യങ്ങരം എന്ന ഒന്നിനുവേണ്ടി ദാഹിക്കുന്ന കവി ഒരിടത്തും അതു കണ്ടെത്തുന്നില്ല. പൊള്ളയായ ആരോപണങ്ങരം, മിഥ്യാവേഷങ്ങരം, പൊയ്മുഖങ്ങരം, വിലയില്ലാത്ത അനുകമ്പ, പണത്തിനും പദവിക്കുംവേണ്ടിയുള്ള വെപ്രാളം, നീചമായ സൂത്രപ്പണികരം, വിലക്കുകരം—കവി ഏററവും വിലമതിക്കുന്ന ശുദ്ധിയുടെയും സത്യത്തിന്റെയും സ്ഥാനത്തു കയറിപ്പററിയിരിക്കുന്നതു് ഇവയാണു്. നാളെയെങ്കിലും നന്നാവുമെന്നുള്ള വിശ്വാസം നഷ്ടപ്പെട്ടിരിക്കുന്നു.'

സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ സംഭവിച്ച അടിസ്ഥാനപരങ്ങളായ സാമൂഹ്യമാററങ്ങളുടെ ഫലമായി വ്യക്തിചേതനയിൽ ഉറഞ്ഞുകൂടിയ അന്തർദ്വന്ദ്വങ്ങളെ 'കുടഞ്ഞു പുറത്തിട്ടു് അറിയുക'യെന്ന ലക്ഷ്യത്തോടെയാണു് കക്കാടു് അദ്ദേഹത്തിന്റെ മികച്ച കവിതകളെല്ലാംതന്നെ എഴുതിയിട്ടുള്ളതു്. ഒരു നാട്യവുമില്ലാതെ, പ്രത്യേകമായി ഒരു അവകാശവാദവും പുറപ്പെടുവിക്കാതെ, അദ്ദേഹം ഈ കൃത്യം നിർവഹിച്ചുവെന്നതാണു് ഒന്നാമതായി എടുത്തുപറയേണ്ടതു്. ആത്മാർത്ഥതയാണു് കക്കാടിന്റെ കാവ്യസാധനയുടെ മുഖമുദ്ര.

വളരെ വിപുലമായി വായിക്കുകയും, വായിച്ചതിനെക്കുറിച്ചൊക്കെ ഗാഢമായി ചിന്തിക്കുകയുംചെയ്ത ഒരു പണ്ഡിതനായിരുന്നു

കക്കാട്. കവിതയുടെ രൂപം, പ്രയോജനം എന്നിവയെപ്പററി സ്വന്തമായ നിഗമനങ്ങളിൽ അദ്ദേഹം എത്തിയിരുന്നു. ലളിതമായ ഒരു സന്ദേശം പകർന്നുകൊടുക്കുന്നതിനുള്ള മാദ്ധ്യമമാണ്, ആയിരിക്കണം, കവിത എന്ന് അദ്ദേഹം ഒരിക്കലും കരുതുകയുണ്ടായില്ല. കവിതയുടെ നീതീകരണം, അതിലെ സന്ദേശം, അഥവാ ഗുണപാഠം, അല്ല; കവിത തന്നെയാണ്. കവിതയുടെ രൂപത്തിന്റെ പ്രാധാന്യം കക്കാടിന് നല്ലപോലെ അറിയാമായിരുന്നു.

സങ്കീർണങ്ങളായ, തനിക്കുതന്നെ വേണ്ടത്ര വിശദങ്ങളാകാത്ത, ഭാവഗ്രന്ഥികൾ അനുവാചകർക്ക് അനുഭവപ്പെടുത്തിക്കൊടുക്കുകയാണ് തന്റെ കവിതയുടെ ലക്ഷ്യമെന്ന് കക്കാട് കരുതി. ഈ ലക്ഷ്യം നിർവഹിക്കുന്നതിന് വൃത്തങ്ങൾ തടസ്സമാകമെന്നു തോന്നിയപ്പോൾ അദ്ദേഹം പരമ്പരാഗതങ്ങളായ വൃത്തങ്ങളെ ഉപക്ഷിക്കുകയും, ഭാഷയുടെ താള—ലയങ്ങൾ സംബന്ധിച്ച പല പരീക്ഷണങ്ങളിലേർപ്പെടുകയും ചെയ്തു. പ്രത്യക്ഷത്തിൽ വിസംഗതങ്ങളായിത്തോന്നുന്ന പ്രതീകങ്ങളും പുരാണകഥാസൂചനകളും ശൈലീവ്യതിയാനങ്ങളും അദ്ദേഹം ധാരാളമായി പ്രയോജനപ്പെടുത്തി. അപ്രതീക്ഷിതമായി, തൂണു പിളർന്നു പുറപ്പെട്ട നരസിംഹത്തെപ്പോലെ, ഈ പുതുമകൾ വായനക്കാരെ വളരെയേറെ വിഭ്രമിപ്പിക്കുകയുണ്ടായി. പക്ഷേ, കാലക്രമത്തിൽ ഈ വിഭ്രമം മാറുന്നതോടെ, തന്റെ കൃതികളുടെ വാച്യാംശത്തിലും വായനക്കാർ തെളിമ കണ്ടെത്തുമെന്നായിരുന്നു അദ്ദേഹത്തിന്റെ വിശ്വാസം.

കക്കാടിന്റെ ആദ്യകാലകവിതകളിൽ തീക്ഷ്ണമായ പരിഹാസവും ഇടക്കാലത്തെ കവിതകളിൽ പരുഷമായ ശകാരവും നമുക്കു കേൾക്കാം. പില്ക്കാലത്ത് അദ്ദേഹത്തിന്റെ വീക്ഷണം കുറെക്കൂടി സൗമ്യവും സഹിഷ്ണുവുമായി. ഒടുവിൽ, മൂന്നു വർഷംമുമ്പ്, അചികിത്സ്യമായ ശ്വാസകോശാർബുദം തന്നെ ബാധിച്ചതായി അറിഞ്ഞതുമുതൽ, ഏതു ദുർബലതയെയും ക്ഷമിക്കാനും, ഏതു തെററത്തിനും മാപ്പുകൊടുക്കാനുമുള്ള ഔദാര്യം അദ്ദേഹത്തിനും ഒപ്പം അദ്ദേഹത്തിന്റെ കവിതയ്ക്കും കൈവന്നു. നിശ്ചിതമായ മരണത്തെ പ്രതീക്ഷിച്ച് വേദന നുകർന്നുകിടന്ന നാളുകളിൽ അദ്ദേഹം പ്രദർശിപ്പിച്ച ദാർശനികധീരത അസാധാരണമായിരുന്നു. വീക്ഷണത്തിന്റെ ഈ പക്വത അദ്ദേഹത്തിന്റെ അവസാനകാല കവിതകൾക്ക് അദ്വിതീയമായ ഒരു ഉദാത്തതാപരിവേഷം നല്കുന്നു.

മലയാളകവിതയിൽ സ്വന്തമായ ഒരു വഴി വെട്ടിത്തുറക്കുകയും, അതിലൂടെ അനുഭൂതിയുടെ അജ്ഞാതമേഖലകളിലേക്ക് ഒരു തലമുറയെ നയിക്കുകയുംചെയ്ത ഈ കവി അമ്പത്തൊമ്പതാമത്തെ വയസ്സിൽ അന്തരിച്ചത് തന്റെ യാത്ര സഫലമായെന്ന ആത്മവിശ്വാസത്തോടെയാണ്. ആ വിശ്വാസത്തിൽ അദ്ദേഹത്തിന് ഒരു തെററും പററിയിട്ടില്ലെന്നു സാഹിത്യരസികരുടെ വരുന്ന തലമുറ വിധിയെഴുതും.

(13 ജനുവരി, 1987)

# 61. ലാറി ബേക്കർ

ശ്രീ ലാറി ബേക്കർക്ക് 1986 ഒക്ടോബർ 10—ാം തീയതി ബ്രിട്ടീഷ് ഗവണ്മെൻറ് ഒ. ബി. ഇ. (ഓർഡർ ഓഫ് ദി ബ്രിട്ടീഷ് എമ്പയർ) എന്ന ബഹുമതി നൽകിയ വിവരം ഒരു ഇംഗ്ലീഷ് വാരികയിൽ നിന്നാണ് ഞാൻ മനസ്സിലാക്കിയതു്. മലയാളത്തിലെ പത്രങ്ങൾ ഈ